# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 728 28.02.2018 -ലെ മറുപടി

## പ്രധാന നദികളെ സംരക്ഷിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന നദികൾ ഏതെല്ലാം എന്നും അവയ്ക്ക് ഉണ്ടായിരുന്ന വിസ്തൃതി എത്രയായിരുന്നു എന്നും നിലവിൽ എത്ര എന്നും ഓരോ നദികളും നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം എന്നും അവയെ സംരക്ഷിക്കാനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ 44 പ്രധാന നദികളും അവയുടെ വിസ്തീർണ്ണവും (1974-ലെ " വാട്ടർ റിസോഴ്സസ് ഓഫ് കേരള പ്രസിദ്ധീകരണ പ്രകാരം") സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br>നദികൾ പൊതുവേ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ അനധികൃത മണൽ ഖനനം, കൈയ്യേറ്റം, മലിനീകരണം തുടങ്ങിയവയാണ്. ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ കീഴിൽ നദികളുടെ സംരക്ഷണത്തിന്റെ ഭാഗമായി പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം, എന്നീ 5 നദികളുടെ മലിനീകരണം ഒരു പരിധിവരെ ഇല്ലാതാക്കുവാനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) ഐ.ഡി.ആർ.ബി.ഡിസൈൻ ചെയ്ത കുളങ്ങളിൽ പൊതു, സ്വകാര്യ കുളങ്ങളുടെ എണ്ണം എത്ര വീതമാണ് എന്നും സംസ്ഥാന ജലസമ്പത്തും കൃഷിയും സംരക്ഷിക്കാനായി അവർ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും ഇതിന്മേൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ; | (ബി) ഐ.ഡി.ആർ.ബി.കുളങ്ങൾ ഡിസൈൻ ചെയ്യുന്നില്ല. ഐ.ഡി.ആർ.ബി.യുടെ വിവരശേഖരണത്തിലെ നിലവിലെ സ്ഥിതി പ്രകാരം 45000 സ്വകാര്യകുളങ്ങളും, 7500 പൊതുകളങ്ങളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) "വാട്ടർ റിസോഴ്സ് ഓഫ് കേരള"യുടെ പഠനപ്രകാരം സംസ്ഥാനത്ത് എത്ര കായലുകൾ ഉണ്ട് ; അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും ഇവയ്ക്ക് രേഖകൾ പ്രകാരമുള്ള വിസ്തൃതി നിലവിൽ എത്ര എന്നും ഇവയെ സംരക്ഷിക്കാനായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കാമോ? | (സി) 'വാട്ടർ റിസോഴ്സ് ഓഫ് കേരള' പ്രകാരം കായലുകളെ സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | നദിയുടെ പേര് | വൃഷ്ടി പ്രദേശത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 1. | മഞ്ചേശ്വരം | - 90 ചതുരശ്ര കി.മീ. |
| 2. | ഉപ്പള | - 250 " |
| 3. | ഷിറിയ | - 587 " |
| 4. | മൊഗ്രാൾ | - 132 " |
| 5. | ചന്ദ്രഗിരി | - 1406 " |
| 6. | ചിത്താരി | - 145 " |
| 7. | നീലേശ്വർ | - 190 " |
| 8. | കരിയങ്ങോട് | - 561 " |
| 9. | കാവായി | - 143 " |
| 10. | പെരുവമ്പ | - 300 " |
| 11. | രാമപുരം | - 52 " |
| 12. | കുപ്പം | - 539 " |
| 13. | വളപട്ടണം | - 1867 " |
| 14. | അഞ്ചരക്കണ്ടി | - 412 " |
| 15. | തലശ്ശേരി | - 132 " |
| 16. | മാഹി | - 394 " |
| 17. | കുറ്റ്യാടി | - 583 " |
| 18. | കോരപ്പുഴ | - 624 " |
| 19. | കല്ലായി | - 96 " |
| 20. | ചാലിയാർ | - 2923 " |
| 21. | കടലുണ്ടി | - 1122 " |
| 22. | തിരൂർ | - 117 " |
| 23. | ഭാരതപ്പുഴ | - 6186 " |
| 24. | കീച്ചേരി | - 401 " |
| 25. | പുഴയ്ക്കൽ | - 237 " |
| 26. | കരുവണ്ണൂർ | - 1054 " |
| 27. | ചാലക്കുടി | - 1704 " |
| 28. | പെരിയാർ | - 5398 " |

2

| | | | |
|---|---|---|---|
| 29. | മൂവാറ്റുപുഴ | - 1554 | " |
| 30. | മീനച്ചിൽ | - 1275 | " |
| 31. | മണിമല | - 847 | " |
| 32. | പമ്പ | - 2235 | " |
| 33. | അച്ചൻകോവിലാർ | - 1484 | " |
| 34. | പള്ളിക്കൽ | - 220 | " |
| 35. | കല്ലട | - 1699 | " |
| 36. | ഇത്തിക്കര | - 642 | " |
| 37. | അയിരൂർ | - 66 | " |
| 38. | വാമനപുരം | - 687 | " |
| 39. | മാമം | - 114 | " |
| 40. | കരമന | - 702 | " |
| 41. | നെയ്യാർ | - 497 | " |
| 42. | കബനി | - 1920 | " |
| 43. | ഭവാനി | - 562 | " |
| 44. | പാമ്പാർ | - 384 | " |

സെക്ഷൻ ഓഫീസർ